# നാളികേരത്തിൽ നിന്നു പഞ്ചസാര: യൂണിറ്റ് ആരംഭിച്ചിട്ടില്ലെന്നു മന്ത്രി

ന്യൂഡൽഹി ● നാളികേരത്തിൽ നിന്നു പഞ്ചസാര ഉൽപാദിപ്പിക്കാൻ കഴിയുമെങ്കിലും ഇത്തരം യൂണിറ്റുകൾ രാജ്യത്തില്ലെന്നു കേന്ദ്ര ഭക്ഷ്യ സഹമന്ത്രി കെ.വി. തോമസ് ലോക്സഭയിൽ എം.കെ. രാഘവനു മറുപടി നൽകി.

ഇളനീർ കുപ്പിയിലും കാനുകളിലുമാക്കി വിതരണം ചെയ്യാനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ടെന്നും പ്രതിവർഷം മൂന്നു കോടി ഇളനീർ സംസ്കരിക്കാൻ ശേഷിയുള്ള എട്ടു യൂണിറ്റുകൾ നാളികേര സാങ്കേതികവിദ്യാ മിഷനു കീഴിൽ വിവിധ സംസ്ഥാനങ്ങളിലായി ആരംഭിച്ചിട്ടുണ്ടെന്നും കൃഷി സഹമന്ത്രി താരിഖ് അൻവർ ലോക്സഭയിൽ എം.കെ. രാഘവനു മറുപടി നൽകി.

എൻപിവൈഎഡി യുവജന പദ്ധതിയിൽ 2009 മുതൽ കേരളത്തിന് 1.56 കോടി രൂപ അനുവദിച്ചതായി യുവജനകാര്യ സഹമന്ത്രി ജിതേന്ദ്ര സിങ് ലോക്സഭയിൽ ആന്റോ ആന്റണിക്കു മറുപടി നൽകി.